അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി താലൂക്ക്, ജില്ലാതലങ്ങളിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുകയും വിവിധ സ്കൂളുകളിൽ അക്വേറിയങ്ങൾ നിർമ്മിച്ചു നെറ്റ് ചെയ്തുകൊടുക്കുകയും ചെയ്തു വരുന്നു. വനിതാ സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി കേന്ദ്രമാനവശേഷി വികസന വകുപ്പിന്റെ ധനസഹായത്തോടെ 600 വനിതകൾക്ക് തൊഴിൽ നൽകുന്ന അലങ്കാര മത്സ്യകൃഷി പദ്ധതി മത്സ്യഫെഡ് നടപ്പാക്കി വരുന്നുണ്ട്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പനിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സ്, ആലപ്പുഴ ഫിഷ്ഫാം എന്നിവിടങ്ങളിൽ നിന്നും, മത്സ്യഫെഡിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണസംഘങ്ങളിൽ നിന്നും അലങ്കാര മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രസ്തുത പാർക്കിന്റെ സ്ഥലം നിർണ്ണയിച്ചിട്ടില്ല. കൊച്ചി, തിരുവനന്തപുരം എന്നീ സ്ഥലങ്ങൾ പരിഗണനയിലാണ്. സ്ഥലനിർണ്ണയം കഴിഞ്ഞാൽ മാത്രമേ ചെലവ് തുക തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

ജലവിഭവ രംഗത്തെക്കുറിച്ചുള്ള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ

26 (*458) ശ്രീ. പി. നാരായണൻ :
ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലവില നിർണ്ണയ ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാനുദ്ദേശമുണ്ടോ ;

(ബി) ജലവിഭവ രംഗത്തെക്കുറിച്ചുള്ള ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) പരിഗണനയിലില്ല.

(ബി) ജലസേചനം, ജലവിതരണം പോലുള്ള സാങ്കേതികത ആവശ്യമായ പദ്ധതികൾക്ക് സാങ്കേതികാനുമതി നല്കുന്നതിന് വേണ്ടി പ്രത്യേകം 'ടെക്നിക്കൽ കമ്മിറ്റികൾ' രൂപീകരിക്കണമെന്നാണ് ശുപാർശ.

പാതിരാമണൽ ദ്വീപ് സ്വകാര്യ മേഖലയ്ക്ക് പാട്ടത്തിന് കൊടുത്ത നടപടി

27 (*459) ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാതിരാമണൽ ദ്വീപ് സ്വകാര്യമേഖലയിലുള്ള ആർക്കെങ്കിലും ടൂറിസ്റ്റ് റിസോർട്ട് നിർമ്മിക്കുവാൻ പാട്ടത്തിന് കൊടുത്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly